# ‘ദൈവം – പരമാധികാരി’

## യെശയ്യാവ് 54:05

“നിന്റെ സ്രഷ്ടാവാകുന്നു നിന്റെ ഭർത്താവു; സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം; യിസ്രായേലിന്റെ പരിശുദ്ധനാകുന്നു നിന്റെ വീണ്ടെടുപ്പുകാരൻ; സർവ്വഭൂമിയുടെയും ദൈവം എന്നു അവൻ വിളിക്കപ്പെടുന്നു."

ദൈവത്തെ യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനായും രക്ഷകനായും ഈ അദ്ധ്യായം മുഴുവൻ പ്രതിപാദിച്ചിരിക്കുന്നു. വാക്യം 4 മുതൽ 8 വരെ വായിക്കുമ്പോൾ യിസ്രായേലിനെ മിസ്രയീം അടിമത്വത്തിൽ നിന്നും ബാബിലോണ്യ പ്രവാസത്തിൽ നിന്നും വീണ്ടെടുത്ത് തന്നോടുള്ള കൂട്ടായ്മയിൽ ദൈവം അവരെ ഉറപ്പിക്കുമെന്നും നാം കാണുന്നു. യിസ്രായേലിന്റെ ബാബിലോണ്യ പ്രവാസം ദൈവത്തിന്റെ നൈമിഷികമായ കോപത്തെയും, അവരെ അതിൽ നിന്നും രക്ഷിക്കുന്നത് ദൈവത്തിന് തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയോടുള്ള നിത്യമായ സ്നേഹത്തെയും, ദയയെയും, മഹാകരുണയെയും ഒക്കെ കാണിക്കുന്നു. നാം മേൽ വായിച്ച വാക്യത്തിൽ ദൈവം, താൻ സൃഷ്ടികർത്താവാണെന്നും, സകലത്തിന്റെയും അധിപതിയാണെന്നും, സർവ്വ ഭൂമിയുടെയും ദൈവം താൻ ഒരുവൻ മാത്രമാണെന്നുമുള്ള ഒരു ഓർമ്മപ്പെടുത്തൽ നടത്തുകയാണ്. അത് അവർ ഈ ദൈവത്തെ അനുസരിക്കുന്നതിനും അവനെ പിൻപറ്റുന്നതിനും ഉതകണം എന്ന് അവൻ ആഗ്രഹിക്കുന്നു.

യെശയ്യാവ് 48:17 ൽ പറയുന്നു “യിസ്രായേലിന്റെ പരിശുദ്ധനും വീണ്ടെടുപ്പുകാരനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; ശുഭകരമായി പ്രവർത്തിപ്പാൻ നിന്നെ അഭ്യസിപ്പിക്കയും നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന നിന്റെ ദൈവമായ യഹോവ ഞാൻ തന്നേ.”

നാം ഈ വചനം ധ്യാനിക്കുമ്പോൾ ഇവിടെ യിസ്രായേൽ മക്കളെ നമുക്ക് മുൻ നിർത്തി ചിന്തിക്കണം, കാരണം ഈ ദൈവവചനങ്ങൾ ഇന്ന് ഏതൊരു ദൈവ പൈതലിന്റെയും ജീവിതത്തിൽ ദൈവത്തോട് നിരപ്പ് പ്രാപിക്കാനും ജീവിതത്തെ ക്രമീകരിക്കാനും ഉതകുന്നവയാണ്. നാം നമ്മുടെ വിശ്വാസവും പ്രത്യാശയും കർത്താവായ ക്രിസ്തുവിൽ വെയ്ക്കുമ്പോൾ അവന്റെ രക്തം നമ്മുടെ സകല പാപങ്ങൾ പോക്കി നമ്മെ വെടിപ്പാക്കുന്നതിനും നാം അവന്റെ മക്കൾ എന്നുള്ള പദവിക്കും യോഗ്യരായിത്തീരുന്നു.

അതു വഴി നമ്മുടെ ജീവിതത്തിന്റെ കർതൃത്വം ഈ ദൈവത്തിനു നാം ഏൽപ്പിച്ചുകൊടുക്കുന്നു. വാക്യം 18 ൽ പറയുന്നു, "അയ്യോ, നീ എന്റെ കൽപനകളെ കേട്ടനുസരിച്ചെങ്കിൽ കൊള്ളായിരുന്നു! എന്നാൽ നിന്റെ സമാധാനം നദിപോലെയും നിന്റെ നീതി സമുദ്രത്തിലെ തിരപോലെയും ആകുമായിരുന്നു." ശാഠ്യമുള്ളതും മത്സരികളായിരുന്നതുമായ യിസ്രായേൽ ജനതയെ ദൈവം അവനെ അനുസരിക്കുന്നവരും അനുഗമിക്കുന്നവരും ആക്കിത്തീർത്തു. ഇതു ഇന്നു നമുക്കും ബാധകമാണ്. നാം ദൈവത്തെയും ദൈവ വചനത്തെയും അനുസരിക്കുകയും അവനെ അനുഗമിക്കുകയും ചെയ്യുമ്പോൾ നമ്മുടെ സമാധാനത്തെ അവൻ നദി പോലെയും നീതിയെ സമുദ്രത്തിലെ തിര പോലെയും ആക്കിത്തീർക്കും. മറിച്ചാണെങ്കിൽ അതു നമുക്ക് ദൈവകോപത്തിനു കാരണമായിത്തീരും അതു നമ്മെ നിത്യ നാശത്തിലേക്ക് നയിക്കുകയും ചെയ്യും.

നമ്മുടെ ചിന്തക്കുള്ള വചനത്തിൽ പറഞ്ഞതും അതു തന്നെയാണ്, ദൈവം നമ്മെ സൃഷ്ടിച്ചവനും നമ്മുടെ വീണ്ടെടുപ്പുകാരനുമാണെങ്കിൽ അവനറിയാം തന്റെ മക്കൾക്ക് എന്തു ഏത് സമയത്ത് വേണമെന്നുള്ളത്. അതു അവൻ നൽകിത്തരിക തന്നെ ചെയ്യും. ദൈവവുമായുള്ള നിരന്തരമായ ഒരു ബന്ധമാണ് അതിനു നമുക്ക് ജീവിതത്തിൽ വേണ്ടത്. അത് സാധ്യമാകുന്നതോ അവന്റെ വചനം ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക വഴിയാണ്. നമ്മുടെ ഉള്ളിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവത്തിന്റെ ആത്മാവ് നമ്മെ അവൻ ആഗ്രഹിക്കുന്ന ഇടത്തേക്ക് നയിക്കുകയും, ആഗ്രഹിക്കുന്നവ പ്രവർത്തിക്കുവാൻ ഇടയാക്കുകയും ചെയ്യും. ആയതിനാൽ അവന്റെ ഹിതം തിരയുന്നവരായി അവന്റെ ആഗ്രഹത്തിൻ പ്രകാരം നമ്മുടെ ജീവിതത്തെ ക്രമീകരിക്കുവാൻ ശ്രമിക്കാം, കാരണം അവൻ നമ്മുടെ സ്രഷ്ടാവാകുന്നു, അവൻ സൈന്യങ്ങളുടെ യഹോവ ആകുന്നു, അവൻ പരിശുദ്ധനായ ദൈവമാകുന്നു, സർവ്വഭൂമിയുടെയും ദൈവം അവൻ ഒരുവൻ മാത്രം.

**പരാമർശം :**

ആവർത്തനപുസ്തകം 32:3–4

"ഞാൻ യഹോവയുടെ നാമം ഘോഷിക്കും; നമ്മുടെ ദൈവത്തിന്നു മഹത്വം കൊടുപ്പിൻ. അവൻ പാറ; അവന്റെ പ്രവൃത്തി അത്യുത്തമം. അവന്റെ വഴികൾ ഒക്കെയും ന്യായം; അവൻ വിശ്വസ്തതയുള്ള ദൈവം, വ്യാജമില്ലാത്തവൻ; നീതിയും നേരുമുള്ളവൻ തന്നേ."

**ബ്രദർ. ബിനു ബേബി ആലപ്പുഴ 075**